പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1280 — 20/01/2014 ൽ മറുപടിയ്ക്ക്

## ഭൂമി തട്ടിപ്പ് കേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. കെ. ലതിക | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ഗൺമാനായിരുന്ന സലിംരാജ് ഉൾപ്പെടെ ഭൂമി തട്ടിപ്പ് കേസിൽ വ്യാജ രേഖകളും വ്യാജതണ്ടപ്പേരുകളും ഉണ്ടാക്കിയതായി ആക്ഷേപിക്കപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) മുഖ്യമന്ത്രിയുടെ മുൻ ഗൺമാൻ ആയിരുന്ന ശ്രീ.സലിംരാജ് ഉൾപ്പെട്ട, കണയന്നൂർ താലൂക്കിലെ തൃക്കാക്കര നോർത്ത് വില്ലേജിലെ, ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം റവന്യൂ വകുപ്പ് സെക്രട്ടറി നടത്തിയ അന്വേഷണത്തിൽ ശ്രീ.എം.പ്രസന്നകുമാർ, അസിസ്റ്റന്റ് കമ്മീഷണർ (എൽ.ആർ), ശ്രീ.വി.എം.മുഹമ്മദ് ബഷീർ, ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), എറണാകുളം ശ്രീമതി.കൃഷ്ണകുമാരി സി.ആർ, അഡീഷണൽ തഹസീൽദാർ, കണയന്നൂർ, ശ്രീമതി.ബി.ജയശ്രീ, ജൂനിയർ സൂപ്രണ്ട്, ശ്രീ.സാബു.കെ.എസ്, വില്ലേജ് ഓഫീസർ, തൃക്കാക്കര നോർത്ത് വില്ലേജ് മുതലായവരെ കുറ്റക്കാരാണെന്ന് കണ്ടെത്തിയിരിക്കുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടെത്തിയ തൃക്കാക്കര നോർത്ത് വില്ലേജ് ഓഫീസറായ ശ്രീ.കെ.എസ്.സാബുവിനെയും , കണയന്നൂർ അഡീഷണൽ തഹസീൽദാറായിരുന്ന ശ്രീമതി.കൃഷ്ണകുമാരിയെയും 12.12.13-ൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും അവശേഷിക്കുന്ന ശ്രീ.മുഹമ്മദ് ബഷീർ, ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), ശ്രീ.എം.പ്രസന്നകുമാർ, റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം,ശ്രീമതി.ബി.ജയശ്രീ, ജൂനിയർ സൂപ്രണ്ട് എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്കനടപടിയുടെ ഭാഗമായി കുറ്റപത്രം നൽകിയിട്ടുള്ളതുമാണ്. |

തിരുവനന്തപുരം താലൂക്കിലെ കടകംപള്ളി വില്ലേജിലെ ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് കുറ്റക്കാരെന്ന് കണ്ടെത്തിയ ശ്രീ.വിദ്യോദയ കുമാർ മുൻ വില്ലേജ് ഓഫീസർ, ശ്രീ.അബ്ദുൾ ഗഫൂർ, മുൻ സ്പെഷ്യൽ വില്ലേജ് ഓഫീസർ, ശ്രീ.അജികുമാർ, മുൻ വില്ലേജ് അസിസ്റ്റന്റ് എന്നിവരെ തിരുവനന്തപുരം ജില്ലാ കളക്ടർ നേരത്തേ തന്നെ അച്ചടക്ക നടപടിക്ക് വിധേയരാക്കുകയും കഠിന ശിക്ഷ നൽകി എസ്5-72284/06 നമ്പർ നടപടിക്രമ പ്രകാരം നടപടി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ റവന്യൂ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയ ശ്രീ.പി.എം.സുബ്രമണ്യം പിള്ള (മുൻ വില്ലേജ് ഓഫീസർ കടകംപള്ളി)യെ 19.12.13ലെ എൽ.ആർ.ഡി3-48665/13 നമ്പർ നടപടിക്രമം പ്രകാരം സസ്പെന്റ് ചെയ്തിട്ടുള്ളതാണ്.

| | |
|---|---|
| (ബി) ഹൈക്കോടതിയിൽ നിന്നും പ്രസ്തുത ആവശ്യം ഉന്നയിക്കപ്പെടുകയുണ്ടായോ; കോടതി നിർദ്ദേശ പ്രകാരം റവന്യൂ സെക്രട്ടറി സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ; | (ബി) കോടതിയിൽ നിന്നും ലഭിച്ച അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു |
| (സി) തട്ടിപ്പുകൾ സംബന്ധിച്ച് ബാഹ്യ ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ സർക്കാർ സ്വമേധയാ എങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ? | (സി) ആഭ്യന്തര-വിജിലൻസ് വകുപ്പ് ഈ കേസുകൾ അന്വേഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്